# ദൈവത്തെ കണ്ടെത്തുക

## യിരെമ്യാവു 29:13

“നിങ്ങൾ എന്നെ അന്വേഷിക്കും; പൂർണ്ണഹൃദയത്തോടെ അന്വേഷിക്കുമ്പോൾ നിങ്ങൾ എന്നെ കണ്ടെത്തും.”

നമ്മുടെ ജീവിതത്തിന്റെ സ്വകാര്യ ആവശ്യങ്ങൾക്കായിട്ടല്ലാതെ, ദൈവത്തെ – ദൈവം ആരായിരിക്കുന്നുവെന്നറിയേണ്ടതിനായി നാം അന്വേഷിക്കേണ്ടവരാകുന്നു. എന്തന്വേഷിക്കുന്നുവോ അത് ലഭിക്കും. യാദൃശ്ചികമായി അന്വേഷിച്ചു കണ്ടെത്തുന്നവനല്ല ദൈവം എന്ന് കുറിവാക്യം പഠിപ്പിക്കുന്നു.

അഖിലാണ്ഡത്തിന്റെ സൃഷ്ടാവായ പിതാവ് ഏതെങ്കിലും നിധിയോ, നിധിയുടെ ഉടമയോ അല്ല, ദൈവം സർവ്വത്തിലും സർവ്വവുമാണ്. അവിടുത്തെ കരുണയും, കൃപയും നിത്യമായതാകുന്നു. അവന്റെ ജ്ഞാനവും, ദീർഘക്ഷമയും അളവറ്റതാകുന്നു എന്ന് അവനെ രുചിച്ചറിയുന്ന ഏവനും വെളിപ്പെടുന്നു.

ഇന്ന് നമുക്ക് ചുറ്റും കണ്ണോടിച്ചാൽ മനസ്സിലാകും, ലോകത്തിൽ സുഭിക്ഷമായി ജീവിക്കാൻ മനുഷ്യനെ സഹായിക്കുന്ന ഒരു ശക്തിയായി ദൈവത്തെ ചിത്രീകരിക്കുകയാണ്. വരുമാന വർദ്ധനവ്, ജീവിതത്തിന്റെ സുഭിക്ഷത, ഉദ്ദേശിച്ച ഫലപ്രാപ്തി, ഇവക്കൊക്കെയായി ദൈവികമായ ചിന്തകളും, കാഴ്ചപ്പാടുകളും ക്രിസ്തീയ ഗോളത്തിൽ തന്നെ വ്യതിയാനപ്പെട്ടുകൊണ്ടിരിക്കുന്നു.

ഇങ്ങനെ നശിച്ചുകൊണ്ടിരിക്കുന്ന ഒരു ലോകത്തിന്റെ നടുവിൽ ഒരു ദൈവപൈതൽ എത്ര ജാഗരൂകതയോടെ ആയിരിക്കേണ്ടതാകുന്നു. ബുദ്ധിശൂന്യമായ ആശയങ്ങളുടെയും, കാഴ്ചപ്പാടുകളുടെയും നടുവിൽ ബുദ്ധിയോടെ നിൽക്കാൻ ഇടയാകണം. അതേ, “ദൈവത്തെ പൂർണ്ണഹൃദയത്തോടെ അന്വേഷിക്കുമ്പോൾ അവനെ കണ്ടെത്തും.” ഈ ഒരു പ്രവർത്തനം ദിനംതോറും, നിമിഷംതോറും ഒരു ഭക്തന്റെ ജീവിതത്തിൽ നടക്കേണ്ടുന്ന ഒന്നാണ്. ദൈവം ആരായിരിക്കുന്നുവെന്ന് അവനെ അടുത്തും, അറിഞ്ഞും, അനുഭവിച്ചും, അനുഗമിച്ചും ജീവിക്കുക എന്നതാണ് പ്രധാനം. എത്ര സുഖകരമായ അവസ്ഥ.

നമ്മുടെ ജീവിതത്തിന്റെ സകലശക്തിയും സംഭരിച്ചുകൊണ്ട് അവനെ സ്നേഹിക്കണം. അങ്ങനെ സ്നേഹിക്കുമ്പോൾ, ദൈവത്തെക്കാൾ സ്നേഹിക്കപ്പെടുവാൻ മറ്റൊന്നും ഇല്ല എന്ന വാസ്തവം ഹൃദയത്തിൽ നിറയും. അപ്പോൾ പിന്നെ പ്രാർത്ഥിക്കുവാനും കർത്താവിനെ ദിനംതോറും സ്നേഹിച്ചു ജീവിക്കുവാനും കാറോ, വീടോ, സമ്പത്തോ

ഒന്നും ഒരു മുഖാന്തിരം ആകില്ല. ലോകപ്രകാരം ജീവിക്കാൻ വേണ്ടുന്ന സാഹചര്യങ്ങൾ നിശ്ചയമായും തക്കസമയത്ത് നിറവേറ്റി തരുന്ന ഒരു ദൈവമാണ് നമ്മുടെ കർത്താവ്. അത് ദൈവത്തിന് തന്റെ മക്കളോടുള്ള സ്നേഹവാത്സല്യങ്ങളുടെ പ്രതിഫലനങ്ങളും, കൃപയുടെ ദാനങ്ങളും മാത്രം എന്ന് എണ്ണാം. മനുഷ്യഹൃദയത്തിൽ ദൈവത്തിനുള്ള പ്രഥമസ്ഥാനം കവർന്നുകളയുന്ന ഒന്നും തന്ന് അവൻ നമ്മെ സഹായിക്കുകയില്ല.

ദിനംതോറും പൂർണ്ണ ഹൃദയത്തോടെ നമുക്ക് അവനെ അന്വേഷിക്കാം. അങ്ങനെ അന്വേഷിക്കുമ്പോൾ തീർച്ചയായും അവനെ കണ്ടെത്തും. അവൻ നമ്മുടെ പ്രാർത്ഥനകളെ കൈക്കൊള്ളും. ഇത് ദൈവീക വാഗ്ദത്തമാകയാൽ നമുക്ക് മുറുകെ പിടിക്കാം. ദിനംതോറും പൂർണ്ണമായി, ശക്തിയോടെ ദൈവത്തിൽ ആശ്രയിക്കാൻ സാധിക്കുക എന്നതാണ് ഏറ്റവും വലിയ അനുഗ്രഹം. അതിനായി ദൈവകരങ്ങളിൽ ഓരോരുത്തരെയും സമർപ്പിക്കുവാൻ കർത്താവ് സഹായിക്കട്ടെ.

പരാമർശം :

യെശയ്യാവു 55:6

യഹോവയെ കണ്ടെത്താകുന്ന സമയത്തു അവനെ അന്വേഷിപ്പിൻ; അവൻ അടുത്തിരിക്കുമ്പോൾ അവനെ വിളിച്ചപേക്ഷിപ്പിൻ.

**സിസ്റ്റർ ബിന്ദു റെജി അയ്മനം 054**